**മധുരമായ കുട്ടികളേ – പതിതത്തിൽ നിന്ന് പാവനമാക്കി മാറ്റുന്ന ബാബയോട് നിങ്ങൾക്ക് വളരെയധികം സ്നേഹമുണ്ടായിരിക്കണം, അതിരാവിലെ എഴുന്നേറ്റ് ആദ്യമാദ്യം പറയൂ– ശിവബാബാ, ഗുഡ്മോണിംഗ്.**

**ചോദ്യം –** കൃത്യമായി ഓർമ്മിക്കുന്നതിന് വേണ്ടി ഏതൊരു ധാരണയാണ് ആവശ്യം? കൃത്യമായി ഓർമ്മിക്കുന്നവരുടെ അടയാളമെന്താണ്?

**ഉത്തരം –** കൃത്യമായി ഓർമ്മിക്കുന്നതിന് ക്ഷമ, ഗംഭീരത, വിവേകം എന്നിവ ആവശ്യമാണ്. ഈ ധാരണയുടെ ആധാരത്തിലൂടെ ആരാണോ ഓർമ്മിക്കുന്നത് അവരുടെ ഓർമ്മ, (ബാബയുടെ) ഓർമ്മയുമായി ചേരുകയും ബാബയുടെ കറന്റ് ലഭിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഈ കറന്റിലൂടെ ആയുസ്സ് വർദ്ധിക്കും, ആരോഗ്യവാനായി മാറും. പൂർണ്ണമായും ഹൃദയം ശീതളമായി മാറും, ആത്മാവ് സതോപ്രധാനമായിക്കൊണ്ടിരിക്കും.

**ഓം ശാന്തി**. ബാബ പറയുന്നു മധുരമായ കുട്ടികളേ, തതത്വം അർത്ഥം നിങ്ങൾ ആത്മാക്കളും ശാന്ത സ്വരൂപരാണ്. നിങ്ങൾ എല്ലാ ആത്മാക്കളുടെയും സ്വധർമ്മം തന്നെ ശാന്തിയാണ്. ശാന്തിധാമിൽ നിന്ന് പിന്നീട് ഇവിടെ വന്ന് സംസാരിക്കുന്നവരായി മാറി. ഈ കർമ്മേന്ദ്രിയങ്ങളെല്ലാം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത് പാർട്ടഭിനയിക്കുന്നതിന് വേണ്ടിയാണ്. ആത്മാവ് ചെറുതും, വലുതുമൊന്നുമല്ല. ശരീരം, ചെറുതും വലുതുമാകുന്നു. ബാബ പറയുന്നു, ഞാനാണെങ്കിൽ ശരീരധാരിയല്ല. എനിക്ക് നിങ്ങൾ കുട്ടികളുടെ സന്മുഖത്ത് വരേണ്ടി വന്നു. ഒരു അച്ഛനിൽനിന്ന് ഒരു കുട്ടി ജന്മമെടുക്കുമ്പോൾ ആ കുട്ടി – ഞാൻ പരംധാമത്തിൽ നിന്ന് ജന്മമെടുത്ത് മാതാവിനെയും പിതാവിനെയും കാണാൻ വന്നിരിക്കുകയാണ് എന്ന് പറയില്ല. അഥവാ ഒരു പുതിയ ആത്മാവ് ആരുടെയെങ്കിലും ശരീരത്തിൽ വന്നാലും, അല്ലെങ്കിൽ ഏതെങ്കിലും പഴയ ആത്മാവ് ആരുടെയെങ്കിലും ശരീരത്തിൽ പ്രവേശിക്കുകയാണെങ്കിലും, ഞാൻ മാതാവിനെയും പിതാവിനെയും കാണാൻ വന്നിരിക്കുകയാണെന്ന് പറയുകയില്ല. അവർക്ക് സ്വാഭാവികമായും അച്ഛനമ്മമാരെ ലഭിക്കുന്നു. ഇവിടെ ഇത് പുതിയ കാര്യമാണ്. ബാബ പറയുന്നു, ഞാൻ പരംധാമത്തിൽ നിന്നും വന്ന് നിങ്ങൾ കുട്ടികളുടെ സന്മുഖത്ത് ഇരിക്കുന്നു. വീണ്ടും കുട്ടികൾക്ക് ജ്ഞാനം നൽകുന്നു എന്തുകൊണ്ടെന്നാൽ ഞാൻ നോളേജ് ഫുൾ ആണ്, ജ്ഞാന സാഗരമാണ്.... നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിന്, രാജയോഗം അഭ്യസിപ്പിക്കുന്നതിന് ഞാൻ വന്നിരിക്കുന്നു. രാജയോഗം പഠിപ്പിക്കുന്നത് ഭഗവാൻ മാത്രമാണ്. കൃഷ്ണന്റെ ആത്മാവിന് ഈ ഈശ്വരീയ പാർട്ടില്ല. ഓരോരുത്തരുടെയും പാർട്ട് അവരവരുടേതാണ്. ഈശ്വരന്റെ പാർട്ട് ഈശ്വരന്റേതാണ്. അതിനാൽ ബാബ പറയുന്നു, മധുരമായ കുട്ടികളേ.. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇങ്ങനെ ചിന്തിക്കുന്നതുതന്നെ എത്ര മധുരമാണ്. നമ്മൾ എന്തായിരുന്നു! ഇപ്പോൾ എന്തായി മാറിക്കൊണ്ടിരിക്കുന്നു!...

ഈ ഡ്രാമ എത്ര അത്ഭുതകരമായി ഉണ്ടാക്കപ്പെട്ടതാണ് എന്നതും ഇപ്പോഴാണ് നിങ്ങൾ മനസ്സിലാക്കിയത്. ഇത് പുരുഷോത്തമ സംഗമയുഗമാണ്, കേവലം ഇത്രയെങ്കിലും ഓർമ്മിക്കുകയാണെങ്കിൽ ഉറച്ചതായി മാറുന്നു. കാരണം നമ്മൾ സത്യയുഗത്തിലേയ്ക്ക് പോകേണ്ടവരാണ്. ഇപ്പോൾ സംഗമത്തിലാണ് പിന്നീട് തന്റെ വീട്ടിലേയ്ക്ക് പോകണം. അതിന് വേണ്ടി തീർച്ചയായും പാവനമായി മാറണം. ഉള്ളിൽ വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. പരിധിയില്ലാത്ത ബാബ പറയുന്നു, മധുര മധുരമായ കുട്ടികളേ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സതോപ്രധാനമായി മാറും. വിശ്വത്തിന്റെ അധികാരിയായി മാറും. ബാബ കുട്ടികളെ വളരെയധികം സ്നേഹിക്കുന്നു. കേവലം ടീച്ചറിന്റെ രൂപത്തിൽ പഠിപ്പിച്ച് വീട്ടിലേയ്ക്ക് പോകുന്നു എന്നല്ല. ഇത് അച്ഛനുമാണ്, ടീച്ചറുമാണ്. നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. ഓർമ്മയുടെ യാത്രയും അഭ്യസിപ്പിക്കുന്നു.

ഇങ്ങനെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന, പതിതത്തിൽ നിന്ന് പാവനമാക്കി മാറ്റുന്ന ബാബയോട് വളരെയധികം സ്നേഹമുണ്ടായിരിക്കണം. അതിരാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ ആദ്യമാദ്യം ശിവബാബയോട് ഗുഡ്മോണിംഗ് പറയണം. ഗുഡ്മോണിംഗ് എന്നാൽ ഓർമ്മിക്കുമ്പോൾ വളരെ സന്തോഷമുണ്ടാകും. കുട്ടികൾ തന്റെ ഹൃദയത്തോട് ചോദിക്കണം നമ്മൾ അതിരാവിലെ എഴുന്നേറ്റ് പരിധിയില്ലാത്ത ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുണ്ട്? മനുഷ്യരാണെങ്കിൽ ഭക്തി ചെയ്യുന്നതും അതിരാവിലെയാണല്ലോ! എത്ര സ്നേഹത്തോടെയാണ് ഭക്തി ചെയ്യുന്നത്. എന്നാൽ ബാബക്കറിയാം ചില കുട്ടികൾ ഹൃദ്യമായ തീവ്ര പ്രേമത്തോടുകൂടി ബാബയെ ഓർമ്മിക്കുന്നില്ല. അതിരാവിലെ എഴുന്നേറ്റ് ബാബയോട് ഗുഡ്മോണിംഗ് പറഞ്ഞ്, ജ്ഞാന ചിന്തനത്തിലിരിക്കുകയാണെങ്കിൽ അതിരില്ലാത്ത സന്തോഷം ലഭിക്കും. ബാബയോട് ഗുഡ്മോണിംഗ് പറഞ്ഞില്ലെങ്കിൽ പാപഭാരം എങ്ങനെ ഇറങ്ങാനാണ്. മുഖ്യമായത്

ഓർമ്മ തന്നെയാണ്, ഇതിലൂടെ ഭാവിയിൽ നിങ്ങൾക്ക് വളരെ വലിയ സമ്പാദ്യമുണ്ടാകും. കൽപ കൽപാന്തരം ഈ ശേഖരണം ഉപയോഗത്തിൽ വരും. വളരെ ക്ഷമയോടും, ഗംഭീരതയോടും, വിവേകത്തോടും കൂടി ഓർമ്മിക്കണം. മൊത്തത്തിലുള്ള കണക്കുവച്ച് പറയും ഞങ്ങൾ ബാബയെ വളരെയധികം ഓർമ്മിക്കുന്നുണ്ട്. പക്ഷെ കൃത്യമായി ഓർമ്മിക്കുന്നതിൽ പരിശ്രമമുണ്ട്. ആരാണോ ബാബയെ കൂടുതൽ ഓർമ്മിക്കുന്നത് അവർക്ക് കൂടുതൽ കറന്റ് ലഭിക്കുന്നു. കാരണം ഓർമ്മയിലൂടെ തന്നെയാണ് ഓർമ്മ കൂടിച്ചേരുന്നത്. യോഗവും, ജ്ഞാനവും രണ്ട് കാര്യങ്ങളാണ്. യോഗത്തിന്റെ സബ്ജക്റ്റ് വേറെയാണ്, വളരെ വലിയ സബ്ജക്റ്റാണ്. യോഗത്തിലൂടെ തന്നെയാണ് ആത്മാവ് സതോപ്രധാനമായി മാറുന്നത്. ഓർമ്മിക്കാതെ സതോപ്രധാനമായി മാറുക എന്നത് അസംഭവ്യമാണ്. നല്ലരീതിയിൽ സ്നേഹത്തോടുകൂടി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സ്വാഭാവികമായി കറന്റ് ലഭിക്കും, ആരോഗ്യവാനായി മാറുകയും ചെയ്യും. കറന്റിലൂടെ ആയുസ്സും വർദ്ധിക്കും. കുട്ടികൾ ഓർമ്മിക്കുകയാണെങ്കിൽ ബാബയും സെർച്ച് ലൈറ്റ് നൽകുന്നു. ബാബ എത്ര വലിയ ഖജനാവാണ് നിങ്ങൾ കുട്ടികൾക്ക് നൽകുന്നത്.

മധുരമായ കുട്ടികൾ ഇത് നന്നായി ഓർമ്മ വെക്കണം, ശിവബാബ നമ്മെ പഠിപ്പിക്കുകയാണ്. ശിവബാബ പതിത പാവനനുമാണ്, സദ്ഗതി ദാതാവുമാണ്. സദ്ഗതി അർത്ഥം സ്വർഗത്തിന്റെ രാജപദവി നൽകുക. ബാബ എത്ര മധുരമാണ്. വളരെ സ്നേഹത്തോടുകൂടിയിരുന്ന് കുട്ടികളെ പഠിപ്പിക്കുന്നു. ബാബ ദാദയിലൂടെ നമ്മെ പഠിപ്പിക്കുന്നു. ബാബ എത്ര മധുരമാണ്. വളരെയധികം സ്നേഹിക്കുന്നു. യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല. കേവലം പറയുന്നു എന്നെ ഓർമ്മിക്കൂ, ചക്രത്തെ ഓർമ്മിക്കൂ. ബാബയുടെ ഓർമ്മയിൽ ഹൃദയം പൂർണ്ണമായും ശീതളമായി മാറും. ഒരു ബാബയുടെ മാത്രം ഓർമ്മയുണ്ടായിരിക്കണം. കാരണം ബാബയിൽ നിന്ന് വളരെ വലിയ സമ്പത്താണ് ലഭിക്കുന്നത്. സ്വയം നോക്കണം, എനിക്ക് ബാബയോട് എത്ര സ്നേഹമുണ്ട്? എത്രത്തോളം നമ്മളിൽ ദൈവീക ഗുണമുണ്ട്! കാരണം നിങ്ങൾ കുട്ടികൾ ഇപ്പോൾ മുള്ളിൽ നിന്നും പൂവായി മാറിക്കൊണ്ടിരിക്കുകയാണ്. എത്രത്തോളം യോഗത്തിലിരിക്കുന്നുവോ അത്രയും മുള്ളിൽ നിന്ന് പൂവായി, സതോപ്രധാനമായി മാറും. പൂവായി മാറിക്കഴിഞ്ഞാൽ പിന്നെ ഇവിടെ ഇരിക്കുവാൻ സാധ്യമല്ല. പൂക്കളുടെ തോട്ടമാണ് സ്വർഗം. ആരാണോ അനേകരെ മുള്ളിൽ നിന്ന് പുഷ്പമാക്കി മാറ്റുന്നത് അവരെത്തന്നെയാണ് സത്യമായ സുഗന്ധപുഷ്പം എന്ന് പറയുന്നത്. ഒരിക്കലും ആരെയും മുള്ള് കൊണ്ട് കുത്തരുത്. ക്രോധവും വലിയ മുള്ളാണ്, അനേകർക്ക് ദുഖം നൽകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മുള്ളുകളുടെ ലോകത്തിൽനിന്നും ദൂരെ വന്നിരിക്കുകയാണ്, നിങ്ങൾ സംഗമത്തിലാണ്. എങ്ങനെയാണോ പൂന്തോട്ടക്കാരൻ പൂക്കളെ വേറെ പാത്രത്തിലെടുത്ത് വെക്കുന്നത് ,അതുപോലെ നിങ്ങൾ പൂക്കളെയും ഇപ്പോൾ സംഗമയുഗീ പാത്രത്തിൽ വേറെ വെച്ചിരിക്കുകയാണ്. പിന്നീട് നിങ്ങൾ പൂക്കൾ സ്വർഗത്തിലേയ്ക്ക് പോകും, കലിയുഗീ മുള്ളുകൾ ഭസ്മമായിപ്പോകും.

പാരലൗകിക അച്ഛനിൽ നിന്നും നമുക്ക് അവിനാശി സമ്പത്ത് ലഭിക്കുന്നുവെന്ന് മധുരമായ കുട്ടികൾക്ക് മനസ്സിലായി. ആരാണോ സത്യം സത്യമായ കുട്ടികൾ, ആർക്കാണോ ബാപ്ദാദയോട് പൂർണ്ണമായ സ്നേഹമുള്ളത് അവരിൽ വളരെയധികം സന്തോഷമുണ്ടായിരിക്കും – ഞങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. അതെ, പുരുഷാർത്ഥത്തിലൂടെ മാത്രമേ വിശ്വത്തിന്റെ അധികാരിയായി മാറുകയുള്ളൂ, കേവലം പറയുന്നതിലൂടെയല്ല. ആരാണോ അനന്യ സന്താനങ്ങൾ അവർക്ക് സദാ ഇത് ഓർമ്മയുണ്ടായിരിക്കും നമ്മൾ നമുക്കു വേണ്ടി വീണ്ടും അതേ സൂര്യവംശീ, ചന്ദ്രവംശീ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു, മധുരമായ കുട്ടികളേ.. നിങ്ങൾ എത്രത്തോളം അനേകരുടെ മംഗളം ചെയ്യുന്നുവോ അത്രത്തോളം നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. അനേകർക്ക് വഴി പറഞ്ഞുകൊടുക്കുമ്പോൾ അനേകരുടെ ആശീർവാദം ലഭിക്കും. ജ്ഞാനരത്നങ്ങളാൽ സഞ്ചി നിറച്ച് പിന്നീട് ദാനം ചെയ്യണം. ജ്ഞാനസാഗരൻ നിങ്ങൾക്ക് രത്നങ്ങളുടെ തളികകൾ നിറച്ച് നിറച്ച് തരുന്നു. ആരാണോ പിന്നീട് ദാനം നൽകുന്നത് അവർ എല്ലാവരുടെയും സ്നേഹിയാകുന്നു. കുട്ടികളുടെ ഉള്ളിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. വിവേകശാലികളായ കുട്ടികളാണെങ്കിൽ അവർ പറയും ഞങ്ങൾ ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്തെടുക്കും, പൂർണ്ണമായും ഉത്സാഹഭരിതരാകും. ബാബയോട് വളരെയധികം സ്നേഹമുണ്ടായിരിക്കും, കാരണം പ്രാണൻ നൽകുന്ന ബാബയെ ലഭിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ജ്ഞാനത്തിന്റെ വരദാനം ഇത്രയും നൽകുന്നു–നമ്മൾ എന്തിൽ നിന്ന് എന്തായി മാറുന്നു. ദരിദ്രനിൽ നിന്ന് ധനവാനായി മാറുന്നു, അത്രയ്ക്കും ഭണ്ഡാരം നിറച്ച് നൽകുന്നു. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം സ്നേഹമുണ്ടായിരിക്കും, ആകർഷണം ഉണ്ടാകും. സൂചി വൃത്തിയുള്ളതാണെങ്കിൽ കാന്തത്തിന് നേരെ ആകർഷണമുണ്ടാകുമല്ലോ. ബാബയുടെ ഓർമ്മയിലൂടെ അഴുക്ക് ഇളകിപ്പോകുന്നു. ഒരു ബാബയുടെയല്ലാതെ വേറെ ആരുടെയും ഓർമ്മ വരരുത്. സ്ത്രീക്ക് പതിയോട് എത്രയാണ് സ്നേഹം ഉണ്ടാവുന്നത്. നിങ്ങളുടെയും വിവാഹനിശ്ചയം കഴിഞ്ഞുവല്ലോ. വിവാഹനിശ്ചയത്തിന്റെ സന്തോഷം കുറഞ്ഞതൊന്നുമല്ലല്ലോ? ശിവബാബ പറയുന്നു മധുരമായ കുട്ടികളേ, എന്നോടൊപ്പമാണ് നിങ്ങളുടെ വിവാഹനിശ്ചയം, ബ്രഹ്മാവിനോടൊപ്പമല്ല. നിശ്ചയം ഉറച്ചുകഴിഞ്ഞാൽ പിന്നെ അവരുടെ ഓർമ്മ പിന്തുടർന്നുകൊണ്ടിരി

ക്കണം.
ബാബ മനസ്സിലാക്കിത്തരുന്നു, മധുരമായ കുട്ടികളേ, തെറ്റ് ചെയ്യരുത്. സ്വദർശന ചക്രധാരിയായി മാറൂ, ലൈറ്റ് ഹൗസായി മാറൂ. സ്വദർശന ചക്രധാരിയാകുന്നതിനുള്ള പ്രാക്ടീസ് നല്ല രീതിയിൽ ചെയ്യുകയാണെങ്കിൽ നിങ്ങൾ ജ്ഞാനസാഗരനെപ്പോലെത്തന്നെയാകും. വിദ്യാർത്ഥി പഠിച്ച് ടീച്ചറാകുന്നതുപോലെ. നിങ്ങളുടെ ജോലി തന്നെ ഇതാണ്. എല്ലാവരെയും സ്വദർശനചക്രധാരിയാക്കൂ എങ്കിൽ ചക്രവർത്തിയായ രാജാവും, റാണിയുമാകും. അതുകൊണ്ട് ബാബ സദാ കുട്ടികളോട് ചോദിക്കുന്നു, സ്വദർശന ചക്രധാരിയായാണോ ഇരിക്കുന്നത്? ബാബയും സ്വദർശന ചക്രധാരിയാണല്ലോ. നിങ്ങൾ കുട്ടികളെ തിരിച്ച് കൂട്ടിക്കൊണ്ടുപോകുന്നതിന് വേണ്ടിയാണ് ബാബ വന്നിരിക്കുന്നത്. നിങ്ങൾ കുട്ടികളില്ലാതെ എനിക്കും അസ്വസ്ഥത പോലെയാണ്. (വരാൻ) സമയമാകുമ്പോൾ അസ്വസ്ഥത അനുഭവപ്പെടുന്നു. മതി, ഇനി എനിക്ക് പോകണം, കുട്ടികൾ വളരെക്കാലമായി വിളിക്കുന്നു, വളരെയധികം ദുഃഖിതരാണ്. അനുകമ്പ തോന്നുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വീട്ടിലേക്ക് പോകണം. പിന്നീട് നിങ്ങൾ അവിടെ നിന്ന് സ്വയം തന്നെ സുഖധാമത്തിലേക്ക് പോകും. അവിടെ ഞാൻ നിങ്ങളുടെ കൂട്ടുകാരനായി മാറുകയില്ല. അവരവരുടെ അവസ്ഥ അനുസരിച്ച് ആത്മാവ് സ്വയം പോകും.
ഞങ്ങൾ ആത്മീയ യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കുകയാണ് എന്ന ലഹരി നിങ്ങൾ കുട്ടികൾക്കുണ്ടായിരിക്കണം. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. നമ്മൾ മനുഷ്യനിൽ നിന്ന് ദേവത അഥവാ വിശ്വത്തിന്റെ അധികാരിയായി മാറുന്നതിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ നമ്മൾ മുഴുവൻ വകുപ്പുകളുടെയും അറിവു നേടുന്നു. ആരോഗ്യത്തിനുള്ള പഠിപ്പും പഠിക്കുന്നു, സ്വഭാവം നല്ലതാക്കുന്നതിനുള്ള ജ്ഞാനവും പഠിക്കുന്നു. ആരോഗ്യ വകുപ്പ്, ഭക്ഷ്യ വകുപ്പ്, ലാന്റ് വകുപ്പ്, ബിൽഡിംഗ് വകുപ്പ് എല്ലാം ഇതിൽ വരുന്നു.
മധുര മധുരമായ കുട്ടികൾക്ക് ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു, ഏതെങ്കിലും സഭയിൽ പ്രഭാഷണം നടത്തുകയോ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ ഇടക്കിടക്ക് പറയൂ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പരമപിതാവായ പരമാത്മാവിനെ ഓർമ്മിക്കൂ. ഈ ഓർമ്മയിലൂടെ മാത്രമേ നിങ്ങളുടെ വികർമ്മം വിനാശമാവുകയുള്ളൂ. നിങ്ങൾ പാവനമായി മാറും. ഇടക്കിടക്ക് ഇത് ഓർമ്മിക്കണം. പക്ഷെ  നിങ്ങൾ സ്വയം ഓർമ്മയിലിരിക്കുമ്പോൾ മാത്രമേ നിങ്ങൾക്ക് മറ്റുള്ളവരോട് പറയാൻ സാധിക്കുകയുള്ളൂ. കുട്ടികളിൽ ഈ കാര്യത്തിൽ വളരെ ദുർബ്ബതയുണ്ട്. നിങ്ങൾ കുട്ടികൾക്ക് ഉള്ളിൽ സന്തോഷമുണ്ടായിരിക്കും, ഓർമ്മയിലിരിക്കുമ്പോഴാണ് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ശക്തിയുണ്ടാവുക. നിങ്ങൾ കൂടുതൽ പറയേണ്ട ആവശ്യമില്ല. ആത്മാഭിമാനിയായി കുറച്ച് മനസ്സിലാക്കി കൊടുത്താലും അമ്പ് പോലെ തറയ്ക്കും. ബാബ പറയുന്നു, കുട്ടികളേ, കഴിഞ്ഞത് കഴിഞ്ഞു. ഇപ്പോൾ ആദ്യം താങ്കൾ സ്വയം പരിവർത്തനപ്പെടൂ. സ്വയം ഓർമ്മയിലിരിക്കുകയുമില്ല, മറ്റുള്ളവരോട് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുക, ഈ ചതി നടക്കുകയില്ല. ഹൃദയത്തിനുള്ളിൽ കുത്തികൊണ്ടിരിക്കും. ബാബയോട് പൂർണ്ണമായും സ്നേഹമില്ലെങ്കിൽ ശ്രീമതത്തിലൂടെ നടക്കുകയില്ല. പരിധിയില്ലാത്ത ബാബയെപ്പോലെ പഠിപ്പ് നൽകാൻ വേറെയാർക്കും സാധിക്കുകയില്ല. ബാബ പറയുന്നു, മധുരമായ കുട്ടികളേ, ഈ പഴയ ലോകത്തെ ഇപ്പോൾ മറക്കൂ. പിന്നീടാണെങ്കിലും ഇതെല്ലാം മറക്കുക തന്നെ വേണം. തന്റെ ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കും ബുദ്ധി പോകണം. ബാബയെ ഓർമ്മിച്ചോർമ്മിച്ച് ബാബയോടൊപ്പം പോകണം. പതിത ആത്മാക്കൾക്ക് പോകാൻ സാധ്യമല്ല. അത് പാവന ആത്മാക്കളുടെ ലോകമാണ്. ഈ ശരീരം 5 തത്വങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. അതിനാൽ 5 തത്വങ്ങൾ ഇവിടെത്തന്നെയിരിക്കുന്നതിനു വേണ്ടി വലിക്കുന്നു കാരണം ആത്മാവ് ഈ ശരീരമാകുന്ന പ്രോപ്പർട്ടി എടുത്തതു പോലെയാണ്, അതുകൊണ്ട് ശരീരത്തിനോട് മമത്വം ഉണ്ടായിരിക്കുന്നു. ഇപ്പോൾ ഇതിൽ നിന്ന് മമത്വത്തെ വേർപെടുത്തി തന്റെ വീട്ടിലേക്ക് പോകണം. അവിടെയാണെങ്കിൽ ഈ 5 തത്വങ്ങൾ ഉണ്ടായിരിക്കില്ല. സത്യയുഗത്തിലും ശരീരം യോഗബലത്തിലൂടെയാണ് ഉണ്ടാവുന്നത്. സതോപ്രധാനമായ പ്രകൃതിയായതുകൊണ്ട് അതിനുനേരെ വലിക്കുകയില്ല. ദുഃഖം ഉണ്ടാവില്ല. ഇത് മനസ്സിലാക്കാനുള്ള കാര്യമാണ്. ഇവിടെ 5 തത്വങ്ങളുടെ ബലം ആത്മാവിനെ ആകർഷിക്കുന്നു അതുകൊണ്ടാണ് ശരീരം ഉപേക്ഷിക്കാൻ മനസ്സില്ലാത്തത്. അല്ലെങ്കിൽ ശരീരം വിടുന്നതിൽ ഒന്നുകൂടി സന്തോഷം തോന്നുകയാണ് വേണ്ടത്. പാവനമായി മാറി, വെണ്ണയിൽ നിന്ന് മുടി എടുക്കുന്നത്ര നിസ്സാരമായി ശരീരം ഉപേക്ഷിക്കും. അതിനാൽ ശരീരത്തോടും, മറ്റെല്ലാ വസ്തുക്കളോടുമുള്ള മമത്വം പൂർണ്ണമായും ഇല്ലാതാക്കണം, ഇതുമായി നമുക്ക് ഒരു ബന്ധവുമില്ല. ഞാൻ ബാബയുടെ കൂടെ പോകന്നു. ഈ ലോകത്തു നിന്നും തന്റെ ലഗ്ഗേജുകളെല്ലാം തയ്യാറാക്കി ആദ്യം തന്നെ അയച്ചു കഴിഞ്ഞു. കൂടെ പോകുക സാധ്യമല്ലല്ലോ. ബാക്കി ആത്മാക്കൾക്ക് പോകണം. ശരീരത്തെ ഇവിടെ ഉപേക്ഷിച്ചുകഴിഞ്ഞു. ബാബ പുതിയ ശരീരത്തിന്റെ സാക്ഷാത്ക്കാരം ചെയ്യിപ്പിച്ചു കഴിഞ്ഞു. വജ്രങ്ങളും വൈഡൂര്യങ്ങളും കൊണ്ടുള്ള കൊട്ടാരം ലഭിക്കും. അങ്ങനെയുള്ള സുഖധാമത്തിലേയ്ക്ക് പോകുന്നതിന് വളരെയധികം പരിശ്രമിക്കണം. ക്ഷീണിക്കരുത്. രാവും പകലും വളരെയധികം സമ്പാദിക്കണം.

അതുകൊണ്ട് ബാബ പറയുന്നു, ഉറക്കത്തെ ജയിക്കുന്ന കുട്ടികളേ... എന്നെ മാത്രം ഓർമ്മിക്കൂ, വിചാര സാഗര മഥനം ചെയ്യൂ. ഡ്രാമയുടെ രഹസ്യത്തെ ബുദ്ധിയിൽ വെക്കുന്നതിലൂടെ ബുദ്ധി പൂർണ്ണമായും ശീതളമാകുന്നു. ആരാണോ മഹാരഥി കുട്ടികൾ അവർ ഒരിക്കലും ഇളകുകയില്ല. ശിവബാബയെ ഓർമ്മി ച്ചാൽ ബാബ സംരക്ഷിക്കുകയും ചെയ്യും.

ബാബ നിങ്ങൾ കുട്ടികളെ ദുഖത്തിൽ നിന്ന് മോചിപ്പിച്ച് ശാന്തിയുടെ ദാനം നൽകുന്നു. നിങ്ങളും ശാന്തി യുടെ ദാനം നൽകണം. നിങ്ങളുടെ ഈ പരിധിയില്ലാത്ത ശാന്തി അഥവാ യോഗബലം മറ്റുള്ളവരെയും പൂർണ്ണമായും ശാന്തമാക്കി മാറ്റും. പെട്ടെന്ന് തന്നെ മനസ്സിലാക്കാൻ പറ്റും, ഇവർ നമ്മുടെ വീട്ടിലെയാണോ അല്ലയോ. ഇത് നമ്മുടെ ബാബയാണെന്ന് ആത്മാവിനും ആകർഷണമുണ്ടാകും. നാഡി നോക്കണം. ബാബ യുടെ ഓർമ്മയിലിരുന്ന് പിന്നീട് നോക്കൂ ഈ ആത്മാവ് നമ്മുടെ കുലത്തിലെയാണോ എന്ന്. അഥവാ ആണെങ്കിൽ പൂർണ്ണമായും ശാന്തമാകും. ആരാണോ ഈ കുലത്തിലുള്ളവർ അവർക്ക് ഈ കാര്യങ്ങളിൽ രസം തോന്നും. കുട്ടികൾ ഓർമ്മിക്കുകയാണെങ്കിൽ ബാബയും സ്നേഹിക്കും. ആത്മാവിനെയാണ് സ്നേഹ ിക്കുന്നത്. ആരാണോ കൂടുതൽ ഭക്തി ചെയ്തത് അവർ തന്നെയാണ് കൂടുതൽ പഠിക്കുക എന്നും അറി യാം. ബാബയെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് അവരുടെ മുഖം നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. ആത്മാവ് ബാബയെ നോക്കുന്നു. ബാബ നമ്മൾ ആത്മാക്കളെയാണ് പഠിപ്പിച്ചുകൊണ്ടിരിക്കു ന്നത്. ബാബയും മനസ്സിലാക്കുന്നു ഞാൻ ഇത്രയും ചെറിയ ബിന്ദുവായ ആത്മാവിനെയാണ് പഠിപ്പിക്കുന്ന ത്. മുന്നോട്ട് പോകുമ്പോൾ നിങ്ങളുടെയും അവസ്ഥ ഇങ്ങനെയാവും. നമ്മൾ സഹോദര – സഹോദരനെ യാണ് പഠിപ്പിക്കുന്നതെന്ന് മനസ്സിലാവും. മുഖം സഹോദരിയുടെതാണെങ്കിലും ദൃഷ്ടി ആത്മാവിന്റെ നേർക്ക് പോകും. ശരീരത്തിലേയ്ക്ക് ദൃഷ്ടി ഒട്ടും പോകാതിരിക്കാൻ വലിയ പരിശ്രമമുണ്ട്. ഇത് സൂക്ഷ്മമായ കാര്യങ്ങളാണ്. വളരെ ഉയർന്ന പഠനമാണ്. തൂക്കിനോക്കിയാൽ ഈ പഠനത്തിന് ഭാരം കൂടുതൽ ഉണ്ടായി രിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും,പിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. തന്റെ സഞ്ചി ജ്ഞാനരത്നങ്ങളാൽ നിറച്ച് പിന്നീട് ദാനം ചെയ്യണം. ആര് ദാനം ചെയ്യുന്നുവോ അവർ എല്ലാവരുടെയും സ്നേഹിയാകുന്നു, അവർ അപാര സന്തോഷത്തിലിരിക്കുന്നു.

2. പ്രാണദാനം നൽകുന്ന ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിച്ച് എല്ലാവർക്കും ശാന്തിയുടെ ദാനം നൽകണം. സ്വദർശന ചക്രം കറക്കി ജ്ഞാനസാഗരമായി മാറണം.

## വരദാനം–അന്തർവാഹകശരീരത്തിലൂടെ സേവനം ചെയ്യുന്ന കർമ്മബന്ദനമുക്തമായ ഡബിൾലൈറ്റ് ആയി ഭവിക്കട്ടെ.

എങ്ങിനെയാണോ സ്ഥൂലശരീരത്തിലൂടെ സാകാരി ഈശ്വരീയ സേവനങ്ങളിൽ ബിസിയായി ഇരിക്കു ന്നത് അതുപോലെ തന്റെ ആകാരീശരീരത്തിലൂടെ അന്തർവാഹക സേവനങ്ങളും ഒപ്പം തന്നെ ചെയ്യണം. എങ്ങിനെയാണോ ബ്രഹ്മാബാബയിലൂടെ സ്ഥാപനയുടെ മനോഭാവമുണ്ടായത്,അതുപോലെ ഇപ്പോൾ താങ്ക ളുടെ സൂക്ഷ്മശരീരങ്ങളിലൂടെ ശിവശക്തികളുടെ കമ്പൈൻഡ് രൂപത്തിന്റെ സാക്ഷാത്ക്കാരവും, സന്ദേ ശങ്ങളും ലഭിക്കുന്ന കാര്യങ്ങൾ നടക്കേണ്ടതുണ്ട്. എന്നാൽ ഈ സേവനങ്ങൾക്കായി കർമ്മങ്ങൾ ചെയ്യു മ്പോഴും എല്ലാ കർമ്മബന്ധനങ്ങളിൽ നിന്നും മുക്തമായി ഡബിൾലൈറ്റ് രൂപത്തിൽ സ്ഥിതി ചെയ്യണം.

## സ്ലോഗൻ:– മനനം ചെയ്യുന്നതിലൂടെ സന്തോഷമാകുന്ന വെണ്ണ ലഭിക്കുന്നു–ഇതിലൂടെത ന്നെയാണ് ജീവിതം ശക്തിശാലിയായി മാറുന്നത്.

**തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ...**
ഞങ്ങൾക്ക് സേവനം ചെയ്യാനുള്ള ചാൻസ് ലഭിക്കുന്നില്ല എന്ന് ആർക്കും പറയാൻ കഴിയുകയില്ല.ഒന്നും

സംസാരിക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി മനസ്സുകൊണ്ട് വായുമണ്ഡലത്തിൽ സുഖത്തിന്റെ വൃത്തിയും , സുഖകരമായ സ്ഥിതിയും ഉണ്ടാക്കുന്ന സേവനം ചെയ്യൂ, ശാരീരികമായ അസുഖങ്ങൾ ഉണ്ടെങ്കിലും വീട്ടിലിരുന്ന് സഹയോഗിയായി മാറൂ, ഇതിനായി മനസ്സിൽ ശുദ്ധസങ്കൽപങ്ങളുടെ സ്റ്റോക്ക് ശേഖരിക്കുകയും ശുഭഭാവനകളാൽ സമ്പന്നമാവുകയും മാത്രമാണ് വേണ്ടത്.